(35) ആയുർവേദ കോളേജ് വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തൽ

ശ്രീ. കെ. പങ്കജാക്ഷൻ : തിരുവനന്തപുരം ആയുർവേദ കോളേജിൽ ഈ കഴിഞ്ഞ വർഷത്തിൽ എൻട്രൻസ് ടെസ്റ്റ് എഴുതി പരീക്ഷ പാസായി ബി. എ. എം.-ന് അഡ്മിഷൻ കിട്ടിയ വിദ്യാർത്ഥിനീ വിദ്യാർത്ഥികളിൽ ഒരു നല്ല ശതമാനം വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ ഉണ്ടായിട്ടില്ല. ഗ്രാമപ്രദേശങ്ങളിൽ നിന്ന്, സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് വന്നിട്ടുള്ള പല വിദ്യാർത്ഥിനികൾക്കും ഇനിയും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല ; കോളേജിലെ സൗകര്യവും പ്രയോജനപ്പെട്ടിട്ടില്ല. ഹോസ്റ്റൽ സൗകര്യം നഗരത്തിനു പുറത്തു ഉണ്ടാകുന്നതിന്റെ ബുദ്ധിമുട്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാവുന്നതാണ്. ഈ കാര്യത്തിൽ അടിയന്തിരമായി എന്തെങ്കിലും രക്ഷാനടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഇവിടെ വരുന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് അക്കോമഡേഷൻ കൊടുക്കാൻ സാധിച്ചിട്ടില്ല. 16 റൂമിൽകൂടി 55 കുട്ടികളെയാണ് അക്കോമഡേറ്റ് ചെയ്തിട്ടുള്ളത്. ഇനിയും കുറെ കുട്ടികൾ പുറത്തു നിൽക്കുകയാണ്. എൺപത് പെൺകുട്ടികളാണ് അപേക്ഷിച്ചിട്ടുള്ളത്. അവർക്ക് അക്കോമഡേഷൻ കൊടുക്കാൻ സാധിച്ചില്ല. ഒരു പ്രൊപ്പോസൽ ഉള്ളത് ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റൽ പർസ്പരം മാറുകയാണെങ്കിൽ കൂടുതൽ അക്കോമഡേഷൻ കിട്ടുമെന്നാണ്, താൽക്കാലികമായി അങ്ങനെ ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാം.

(36) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡുകളുടെ പണി

ശ്രീ. പി. സി. ജോർജ് : എന്റെ നിയോജകമണ്ഡലമായ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എം. എൽ. എ. റോഡുകളായ പൈക്കട പീഡിക-കുറുമണ്ണ്, പയസ്സ് മൗണ്ട് റോഡ്, മറ്റൊരു റോഡായ അളളനാട്-വുള്ളനാട് റോഡ്, മറ്റൊരു റോഡായ പൂഞ്ഞാർ കൂട്ടിക്കൽ റോഡിന്റെ തെക്കൻ റീച്ചിൽ ചോലത്തടം മുതൽ പറത്താനംവരെയുള്ള പ്രദേശം ഈ മൂന്ന് വർക്കുകളും കോൺട്രാക്ടർമാർ പകുതിയാക്കി ഇട്ടിട്ട് പോയിരിക്കുകയാണ്. ഇപ്പോഴും കോൺട്രാക്ടർമാർ വരുന്നതുമില്ല, പണിയുന്നതുമില്ല എർത്ത് വർക്ക് ലാഭമുള്ള പണികഴിയുമ്പോൾ കോൺട്രാക്ടർമാർ വർക്കും ഇട്ടിട്ട് പാർട്ട് ബില്ലും മാറി ഓടി രക്ഷപ്പെടുകയാണ്. ഈ ഗതികേടുകൊണ്ട് വരുന്ന ബുദ്ധിമുട്ട് എന്താണെന്ന് വച്ചാൽ ഈ പ്രദേശത്തേക്ക് എം. എൽ. എ. ക്ക് ചെല്ലാൻ നിവൃത്തിയില്ലാത്ത അവസ്ഥയായി. എം. എൽ. എ. റോഡുപോലും ഈ ഗതിയിലേക്കാണ് പോകുന്നതെങ്കിൽ എന്താണ് മറ്റുള്ളതിന്റെ ഗതിയെന്ന് പറയാൻ എനിക്ക് കഴിയുകയില്ല. അതുകൊണ്ട് ഇങ്ങനെ കോൺട്രാക്ടർമാർ പണിമുടക്കി പോകുമ്പോൾ അതിന് മറുനടപടിയെന്ന നിലയിൽ ഇവരുടെ റിസ്ക് ആൻഡ് കോസ്റ്റിൽ റീ-ടെൻഡർ ചെയ്യാനുള്ള നടപടി സ്വീകരിച്ചേ മതിയാവൂ. ഇപ്പോൾ കോൺട്രാക്ടർമാർ ചെയ്യുന്നത് കോടതിയിൽ പോയി ഒരു സ്റ്റേ വാങ്ങി അവർ അവരുടെ പണം കൊണ്ട് രക്ഷപ്പെടുകയാണ്. ഇതുപോലെ കോൺട്രാക്ടർമാർ ഗവൺമെന്റിനെയും ജനങ്ങളെയും കബളിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നത് നിർത്തുന്നതിനുവേണ്ടി, വേണ്ടി വന്നാൽ, സബ്മിഷനിൽതന്നെ പല അംഗങ്ങളും പറഞ്ഞിട്ടുള്ള കാര്യമാണ്, ഒരു നിയമനിർമ്മാണം നടത്താനുള്ള നടപടി ഈ ഡിപ്പാർട്ടുമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : ഈ മൂന്നു റോഡുകളിൽ ആദ്യത്തെ റോഡായ പൈക്കടപീഡിക-കുറുമണ്ണ് പയസ് മൗണ്ട് റോഡിന് 21-3-1984-ന് ഭരണാനുമതി നൽകിയതാണ്. കരാറുകാരുടെ അനാസ്ഥമൂലം പണി മന്ദഗതിയിലായതുകൊണ്ട് അതവസാനിപ്പിച്ച് പുതിയ കരാറുകാരനെ ഏൽപ്പിക്കാനുള്ള നടപടി നടത്തി വരികയാണ്. അള്ളനാട്-പുള്ളനാട്-അന്തിനാട് റോഡ് എന്ന രണ്ടാമത്തെ റോഡിനെ സംബന്ധിച്ചിടത്തോളം ഭരണാനുമതി 1981-ൽ തന്നെ കൊടുത്തതാണ്. എർത്ത് വർക്കും മേസണറി വർക്കുമെല്ലാം അവർ നടത്തിയെങ്കിലും അതിനുശേഷം പണിയെടുത്തില്ല. അതും ത്വരിതഗതിയിൽ നടത്താനുള്ള നടപടികളും എടുക്കുന്നുണ്ട്. മൂന്നാമത്തെ റോഡ് പൂഞ്ഞാർകൂട്ടിക്കൽ റോഡാണ്. ഇതിനെ സംബന്ധിച്ചിടത്തോളം 1982-ൽ തന്നെ മറ്റൊരു കരാറുകാരനെ ഏൽപ്പിച്ചു. 1985 സെപ്റ്റമ്പറിൽ പണി ചെയ്തു തീർക്കേണ്ടതായിരുന്നു. ഇത് ചെയ്യാത്തതുമൂലം സ്തംഭനാവസ്ഥയിലാണ്. ഈ കരാറുകാരെ സംബന്ധിച്ച് അവരെ ഒഴിവാക്കുന്നതിനു ചില നടപടി ചട്ടങ്ങളുണ്ട്. അതനുസരിച്ച് മാത്രമേ ഡിപ്പാർട്ടുമെന്റിനു പ്രവർത്തിക്കാൻ സാദ്ധ്യമാവുകയുള്ളു. ഒരു കരാറുകാരന്റെ വർക്ക് ഏറെടുക്കുമ്പോൾ ഏറ്റവും കുറഞ്ഞ ടെൻഡറുകാരനെന്ന നിലയ്ക്ക് എൽപ്പിച്ചു കൊടുക്കാതിരിക്കാൻ നിർവ്വാഹമില്ല. അത് ഏറെടുത്തശേഷം ഉപേക്ഷിച്ചു പോയാൽ റിസ്ക് ആൻഡ് കോസ്റ്റോ അതുപോലുള്ള നടപടികളോ ഗവൺമെന്റ് എടുക്കുന്നതാണ്. പിന്നെ കോടതിയിൽ നിന്ന് സ്റ്റേ വാങ്ങുന്ന കേസുകൾക്ക് ഗവൺമെന്റിനു ഒന്നും ചെയ്യാൻ നിവൃത്തിയില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കരാർ അവസാനിപ്പിച്ച് റിസ്ക് ആൻഡ് കോസ്റ്റിൽ പുതിയ കരാറ് കൊടുക്കുന്ന നടപടികളും ഇതിൽ മാത്രമല്ല എല്ലാ പ്രവർത്തനങ്ങളിലും നടത്തി വരുന്നുണ്ട്.

(37) വടകരയിൽ കെ. എസ്. ആർ. ടി. സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, കോഴിക്കോട് ജില്ലയിലെ ഏക മുനിസിപ്പൽ നഗരമാണ് വടകര. മൂന്നു നിയോജകമണ്ഡലങ്ങൾ ഉൾക്കൊള്ളുന്നതായിട്ടുള്ള താലൂക്കിന്റെ തലസ്ഥാനപ്രദേശമായ വടകര ഒരു വലിയ വ്യാപാര കേന്ദ്രം കൂടിയാണ്. ധാരാളം കെ. എസ്. ആർ. ടി. സി. ബസുകൾ അവിടെക്കൂടി കടന്നുപോകുന്നുണ്ട്. കുറെ കെ എസ്. ആർ. ടി. സി. ബസുകൾ അവിടെ നിന്ന് ആരംഭിക്കുന്നുണ്ട്; അവിടെ അവസാനിക്കുന്നുമുണ്ട്. അവിടെ ഒരു ബസ് സ്റ്റേഷൻ ആവശ്യമാണ്, ബസ്സ്റ്റേഷൻ വേണമെന്നകാര്യം ഞാൻ ഇപ്പോൾ ഉന്നയിക്കുന്നില്ല. അതുകൊണ്ട് അത നു മറുപടി പറയുകയും വേണ്ട ഒരു സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസാണ് അവിടെ അത്യാവശ്യമായിട്ടു വേണ്ടത്. ഒരു ചെറിയ ബുക്കിംഗ് സൗകര്യത്തിനുവേണ്ടിയാണ് ഞാനിതുപറയുന്നത്. മുനിസിപ്പൽ ബസ്സ്റ്റാൻഡ് ബിൽഡിംഗിൽ അതിനുവേണ്ട സ്ഥലം ഒഴിച്ചു വച്ചിട്ടുണ്ട്. എപ്പോൾ വേണമെങ്കിലും അവിടെ പ്രവേശിച്ച് ആ സ്ഥലം ഉപയോഗിക്കാൻ കഴിയും ഇക്കാര്യം ഈ നിയമസഭയിൽ രണ്ടു തവണ കഴിഞ്ഞ രണ്ടുകൊല്ലമായിട്ട് പറഞ്ഞതാണ്. വടകരയിലുള്ള സർവ്വകക്ഷിയംഗങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly